**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1855** **04-02-2026 - ൽ മറുപടിയ്ക്ക്**

**ബജറ്റ് സൗഹൃദ ടൂർ പാക്കേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സോളോ യാത്രക്കാർ, കുടുംബങ്ങൾ, ഗ്രൂപ്പുകൾ എന്നിങ്ങനെ പ്രത്യേകമായ ബജറ്റ് സൗഹൃദ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>കുടുംബങ്ങൾക്കും ഗ്രൂപ്പുകൾക്കും പ്രത്യേകം രൂപകൽപ്പന ചെയ്ത ബജറ്റ് സൗഹൃദ ടൂറിസം പാക്കേജുകൾ ബജറ്റ് ടൂറിസം സെൽ മുഖേന നിലവിൽ നടപ്പിലാക്കി വരുന്നു. സോളോ യാത്രക്കാർക്കും ഉപയോഗപ്പെടുത്താവുന്ന രീതിയിലാണ് ഈ പാക്കേജുകൾ ക്രമീകരിച്ചിരിക്കുന്നത്. |
| (ബി) | കെ.എസ്.ആർ.ടി.സി. ഭാരത് ടൂറിസം കോർപ്പറേഷനുമായി ചേർന്ന് ബസ്-ബോട്ട് ടൂർ പാക്കേജ് ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ടോ; വിശദാംശം നൽകാമോ; | (ബി) | കെ.എസ്.ആർ.ടി.സി. ഭാരത് ടൂറിസം കോർപ്പറേഷനുമായി ചേർന്ന് ബസ്-ബോട്ട് ടൂർ പാക്കേജ് ഓപ്പറേറ്റ് ചെയ്യുന്നില്ല. |
| (സി) | ബജറ്റ് ടൂർ പദ്ധതി കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിൽ വർധനവ് ഉണ്ടാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | ബജറ്റ് ടൂർ പദ്ധതി കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.<br><br>2023-24 സാമ്പത്തിക വർഷത്തിൽ ₹23 കോടി ആയിരുന്ന ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ വാർഷിക കളക്ഷൻ 2024-25-ൽ ഏകദേശം ₹43 കോടിയായി ഉയർന്ന്, ഒരു വർഷത്തിനുള്ളിൽ തന്നെ ശ്രദ്ധേയമായ വരുമാന വർദ്ധനവ് കൈവരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ